കീടനിരീക്ഷണ വിഭാഗത്തിന്റെ ശക്തിപ്പെടുത്തലും നടപ്പാക്കുന്നതാണ്. കൃഷി വകുപ്പും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റും ചേർന്ന് ഡേറ്റാ കാസ്റ്റിംഗ് സംവിധാനത്തിന് രൂപം നൽകി. കാർഷികമേഖലയിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പ്രശ്നപരിഹാരം നിർദ്ദേശിക്കുന്നതിനുമായി ഓരോ ജില്ലയിലും "ഡയോഗണസ്റ്റിക് ടീം" രൂപീകരിച്ചിട്ടുണ്ട്.

(ബി) പുതിയതായി രൂപീകരിച്ച പഞ്ചായത്തുകളിൽ കൃഷിഭവൻ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. നിലവിലുള്ള കൃഷി ഭവനുകളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

തെങ്ങ് കൃഷി സംരക്ഷിക്കുന്നതിന് നടപടികൾ

91 (1886) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തെങ്ങ് കൃഷി സംരക്ഷിക്കുന്നതിനും നാളികേരത്തിന് ന്യായവില ഉറപ്പുവരുത്തുന്നതിനുമായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കോക്കനട്ട് ടെക്നോളജി മിഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിലെ പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിനും പുതിയ നല്ല പ്രതിരോധ ശേഷിയുള്ള തെങ്ങിൻ തൈകൾ നടുന്നതിനുമായി ഇപ്പോൾ കൃഷി വകുപ്പു നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദീകരിക്കാമോ ;

(ഡി) സംസ്ഥാനത്ത് നാളികേരത്തിന്റെ ഉല്പാദനം കുറഞ്ഞുവരുന്നത് കണക്കിലെടുത്ത് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

(ഇ) കാറ്റുവീഴ്ച, വേര് ചീയൽ തുടങ്ങിയവ തടയുന്നതിന് എന്തൊക്കെ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. തെങ്ങിനെ ബാധിച്ചിട്ടുള്ള കാറ്റുവീഴ്ച രോഗം വ്യാപിക്കുന്നത് തടയുന്നതിന് തിരുവനന്തപുരം, തൃശ്ശൂർ എന്നീ അതിർത്തി ജില്ലകളിലെ 6,94,261 രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം പുതിയവ വച്ചു പിടിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ സമർപ്പിച്ച 37.697 കോടി രൂപയുടെ പദ്ധതിക്ക് ടെക്നോളജിമിഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 9.42 കോടി രൂപ കേന്ദ്ര സഹായമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കാറ്റുവീഴ്ച സർവ്വെ പ്രകാരം അതിർത്തി ജില്ലകളായ തിരുവനന്തപുരം, തൃശ്ശൂർ, ജില്ലകളിൽ ടെക്നോളജി മിഷൻ പദ്ധതി പ്രകാരം 5 വർഷ കാലയളവിൽ 6,94,261 കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം 3,47,130 നല്ലയിനം തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി കേന്ദ്രസർക്കാർ 9.424 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

2002-2003 സാമ്പത്തിക വർഷത്തിൽ ഗവൺമെന്റ് സമർപ്പിച്ച പദ്ധതി പുതുക്കിയെഴുതി സമർപ്പിക്കുന്നതിന് തിരിച്ചയച്ചു എങ്കിലും നാളികേര വികസന ബോർഡ് കാറ്റുവീഴ്ച രോഗം ബാധിച്ച എട്ടു ജില്ലകളിലെ ഒരു ലക്ഷം തെങ്ങുകൾ വെട്ടിമാറ്റാൻ തെങ്ങൊന്നിന് 250 രൂപ ധനസഹായം നൽകി വെട്ടിമാറ്റിയിട്ടുണ്ട്.

വടക്കൻ ജില്ലകളിൽ കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതു പ്രകാരം തൃശ്ശൂർ, കരുവന്നൂർ പുഴയ്ക്ക് വടക്കുള്ള ജില്ലകളായ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് തെങ്ങൊന്നിന് 500 രൂപ ധനസഹായം നൽകുന്നു. ഈ വർഷം 3.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) മുകളിൽ ബി. സി. എന്നിവയിൽ കൊടുത്തിട്ടുള്ള പദ്ധതികൾക്കു പുറമെ നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വടക്കൻ ജില്ലകളിൽ നടപ്പിലാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം 2002-2003 സാമ്പത്തിക വർഷം തെങ്ങിൻ തോട്ടങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 1097 പമ്പുസെറ്റുകളും 512 കിണറുകളും സ്ഥാപിച്ചു. കൂടാതെ 65 ലക്ഷം തെങ്ങുകൾക്ക് സംയോജിത വളപ്രയോഗ രീതികൾ അവലംബിച്ചു. 300 ടൺ പച്ചിലവള വിത്തും വിതരണം ചെയ്തു. കൂടാതെ വടക്കൻ ജില്ലകളിൽ രോഗബാധിതമായ 1293 തെങ്ങുകൾ വെട്ടി മാറ്റുകയും ചെയ്തു. 775 ലക്ഷം രൂപ ഈ പദ്ധതികൾക്കായി ചെലവഴിച്ചു.

ഈ സാമ്പത്തിക വർഷത്തിലും തെങ്ങിൻ തോട്ടങ്ങളിൽ 500 പമ്പുസെറ്റുകളും 300 കിണറുകൾ കുഴിക്കുന്നതിനും 33 ലക്ഷം തെങ്ങുകൾക്ക് സംയോജിത വള പ്രയോഗം നടത്തുന്നതിനും 100 ടൺ ജൈവവളവിത്ത് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. 743.55 ലക്ഷം രൂപ സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം ചെലവഴിക്കുന്നതാണ്.

(ഇ) ഉത്തരം (സി)-ഉം (ഡി)-ഉം കാണുക

വനിതാ സ്വയം സഹായ സംഘങ്ങൾക്ക് കൊപ്ര ഡ്രൈയർ നൽകാൻ പദ്ധതി

92. (1887) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പ് മുഖേന വനിതാ സ്വയം സഹായ സംഘങ്ങൾക്ക് കൊപ്ര ഡ്രൈയർ സ്ഥാപിക്കുന്നതിന് ഏതെങ്കിലും സ്ഥാപനവുമായി ധാരണയുണ്ടാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly